# സത്യവും നുണയും: 2002 ലെ ഗുജറാത്ത് കലാപത്തിന്റെ കഥ

**അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

പണ്ഡിതനും സാമൂഹ്യ പ്രവർത്തകനുമായ മധുപൂർണിമ കിഷ്വാർ എഴുതിയ 'മോദിനാമ' എന്ന പുസ്തകത്തിന്റെ മറാഠി എഡിഷൻ പ്രകാശനത്തിനായി 2014 ജനുവരി നാലിന് എന്നെ പൂനെയിലേക്ക് ക്ഷണിച്ചിരുന്നു. മധു ഒരിക്കലും ഒരു ബിജെപി അനുഭാവി ആയിരുന്നില്ല, എന്നല്ല പല ഘട്ടത്തിലും പാർട്ടിയുടെ വിമർശകയായിട്ടാണ് ഞാൻ ഓർക്കുന്നത്. പുസ്തകത്തിന്റെ ഇംഗ്ലീഷ്-ഹിന്ദി പതിപ്പിറങ്ങിയിട്ടില്ല. പൂനിയിലെ വിനീത് കുബേർ ആണ് മറാഠി എഡിഷൻ ഇറക്കിയിരിക്കുന്നത്. ഗ്രന്ഥകർത്താവ് പലവർഷം ഗവേഷണം നടത്തിയാണ് പുസ്തകം രചിച്ചിട്ടുള്ളത്. 2002 -ലെ കലാപത്തെക്കുറിച്ച് അവർ ഒട്ടേറെപ്പേരെ അഭിമുഖം നടത്തി അതിന്റെ അടിസ്ഥാനത്തിലാണ് പുസ്തകം എഴുതിയിട്ടുള്ളത്. പുസ്തകപ്രകാശനവേളയിൽ 2002 ലെ കലാപത്തിൽ നരേന്ദ്രമോദിയെ പങ്കാളിയാക്കി കുറ്റപ്പെടുത്താൻ ഒട്ടേറെ ആസൂത്രിത തുടർ പ്രചാരണങ്ങൾ നടത്തിയെന്നത് സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ ഞാൻ പരാമർശിച്ചു. അതിൽ പലതും തകർന്നു വീണതിന് കാരണം എല്ലാം നുണയിൽ കെട്ടിപ്പൊക്കിയവയായതുകൊണ്ടാണെന്നും ഞാൻ പറഞ്ഞു. പ്രസംഗത്തിൽ ഞാൻ പറഞ്ഞ മൂന്ന് കാര്യങ്ങൾ പരാമർശിക്കാം.

## ഒന്ന്: സബർമതി എക്സ്പ്രസ് തീവെച്ചതാര്?

ആദ്യ ദിവസം തന്നെ വ്യക്തമായിരുന്നു ഒരു സമുദായത്തിൽ പെട്ട കുഴപ്പക്കാരായ ഒരു കൂട്ടം ജനങ്ങളാണ് ഗോധ്ര റെയിൽവെ സ്റ്റേഷനിൽ സബർമതി എക്സ്പ്രസിന്റെ ആറാം നമ്പർ ബോഗിക്ക് തീവെച്ചതെന്ന്. കേസ് ആദ്യം ഗുജറാത്ത് പോലീസ് അന്വേഷിച്ചു, പിന്നീട് സുപ്രീംകോടതി പ്രത്യേകാന്വേഷണ സംഘത്തിനെ ഏല്പിച്ചു. എസ്ഐടിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയതുപ്രകാരം സംഭവത്തിന് തലേന്ന് ഗോധ്രയിൽ ഒരു പ്രത്യേക യോഗം ചേർന്നിരുന്നതായി വ്യക്തമായി. തീവക്കാനുള്ള ഇന്ധനം റെയിൽവേ സ്റ്റേഷനിലേക്ക് വാഹനങ്ങളിലാണ് എത്തിയത്. എസ്-6 കമ്പാർട്ടുമെന്റ് പുറത്തുനിന്ന് പൂട്ടി ആർക്കും അകത്തുനിന്ന് രക്ഷപ്പെടാനാവില്ലെന്ന് ഉറപ്പാക്കിയശേഷം ആയുധധാരികളായ ആൾക്കൂട്ടം കമ്പാർട്ടുമെന്റിന് തീയിടുകയായിരുന്നു.

ഒരുവിഭാഗം മാധ്യമങ്ങളും ചില എൻജിഒകളും ചേർന്നു നടത്തിയ ദുഷ്പ്രചാരണം, പുറത്തുനിന്നാരും തീവച്ചതല്ല മറിച്ച് കമ്പാർട്ടുമെന്റിൽനിന്ന് തീപിടിക്കുകയായിരുന്നുവെന്നാണ്. കേസിന്റെ വിചാരണക്കൊടുവിൽ ഗൂഢാലോചന, കലാപം, കൊലപാതകം തുടങ്ങിയ കുറ്റങ്ങൾ ചുമത്തപ്പെട്ട ഒട്ടേറെ പേർക്ക് ശിക്ഷ ലഭിച്ചു. ശിക്ഷിക്കപ്പെട്ടവരുടെ അപ്പീലുകൾ പരിഗണനയിലാണ്. ഈ വൻകൂട്ടം തെളിവുകൾ ഉണ്ടായിരിക്കെ ഒന്നാം യുപിഎ ഭരണത്തിൽ അന്നത്തെ റെയിൽവെ വകുപ്പ് മന്ത്രി ലാലുപ്രസാദ് യാദവ് റെയിൽ മന്ത്രാലയത്തിന്റെ കീഴിൽ യു.സി.ബാനർജിയെന്ന റിട്ടയേർഡ് ജഡ്ജിയുടെ മേൽനോട്ടത്തിൽ ഒരു അന്വേഷണ സമിതിയെ നിയോഗിച്ചു. ആ കമ്മറ്റി അപവാദകരമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു, തീപിടിച്ചത് കമ്പാർട്ടുമെന്റിന് ഉള്ളിൽനിന്നുതന്നെയാണെന്ന് കണ്ടെത്തിക്കൊണ്ട്. തീരെ വിശ്വാസ്യതയില്ലാതെപോയ ആ റിപ്പോർട്ട് ജനങ്ങൾ ചവറ്റുകൊട്ടയിൽ തള്ളി. കോടതിവിധി ഈ റിപ്പോർട്ട് മുഴുവൻ നുണയാണെന്ന് തെളിയിച്ചു.

ഈ നുണപ്രചാരണങ്ങളുടെ ലക്ഷ്യം, ഹിന്ദു സമൂഹം കമ്പാർട്ടുമെന്റിന് തീവെച്ച് ഗുജറാത്ത് കലാപത്തിന് പ്രകോപനമുണ്ടാക്കി എന്നു വരുത്തിത്തീർക്കുകയായിരുന്നു.

## രണ്ടാമത്: പ്രവൃത്തി-പ്രതിപ്രവൃത്തിയെന്ന് മോദി ഒരിക്കലും നൽകിയിട്ടില്ലാത്ത അഭിമുഖം.

ഗുജറാത്തിൽ നടന്ന കലാപത്തെ നരേന്ദ്രമോദി ന്യായീകരിക്കുന്നുവെന്ന് വരുത്താൻ ഒരു പ്രമുഖ പത്രം 2002 മാർച്ച് ആദ്യവാരം മോദിയുടേതെന്ന പേരിൽ ഒരു 'അഭിമുഖം' പ്രസിദ്ധീകരിച്ചു. അതിൽ എല്ലാ പ്രവർത്തനങ്ങൾക്കും പ്രതിപ്രവർത്തനമുണ്ടെന്നും അതിനാൽ ഗോധ്ര സംഭവം ന്യായയുക്തമാണെന്നും മോദി പറഞ്ഞതായി അഭിമുഖത്തിൽ എഴുതി. നരേന്ദ്രമോദി താൻ അങ്ങനെയൊരു അഭിമുഖം ആർക്കും നൽകിയിട്ടില്ലെന്ന് നിരസിച്ചു. വാസ്തവത്തിൽ പത്രത്തിന്റെ ഒരു ലേഖകനും മോദിയെ കണ്ടിരുന്നില്ല. മോദി ആക്രമണത്തെ ന്യായീകരിച്ചുവെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ, ചോദ്യോത്തര രൂപത്തിലാണ് അത് വന്നത്. മുഖ്യമന്ത്രിയെ ഒരു ലേഖകനും കണ്ടിട്ടില്ലെന്നും അഭിമുഖം നൽകിയിട്ടില്ലെന്നും ഗുജറാത്ത് സർക്കാർ പത്രത്തിനെഴുതി. ആ പ്രസ്താവന 20 ദിവസത്തേക്ക് പത്രത്തിൽ വന്നില്ല. അതിനുശേഷം അത് പത്രാധിപർക്കുള്ള കത്ത് എന്ന വിഭാഗത്തിൽ ലേഖകന്റെ വിശദീകരണത്തോടെ വന്നു, വിവിധ ഇലക്ട്രോണിക് മാധ്യമങ്ങളിൽ മോദി നടത്തിയ അഭിപ്രായങ്ങൾ ചേർത്തുണ്ടാക്കിയെടുത്ത അഭിമുഖമായിരുന്നു അത് എന്നായിരുന്നു വിശദീകരണം.

മൂന്നാമത്: 2002–27 ൽ മുഖ്യമന്ത്രിയുടെ വസതിയിൽ നടന്ന യോഗം

മോദിക്കെതിരെ നടത്തിയ ആരോപണങ്ങളിൽ മൂന്നാമത്തേതാണിത്. മുഖ്യമന്ത്രിയുടെ വസതിയിൽ ചീഫ് സെക്രട്ടറി, ഡിജിപി, പ്രിൻസിപ്പൽ സെക്രട്ടറി (ആഭ്യന്തരം) തുടങ്ങിയവരും മറ്റും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരു യോഗം നടന്നു. അതിൽ സർക്കാരിലും പോലീസിലും നിന്ന് എട്ടു മുതിർന്ന ഉദ്യോസ്ഥരുണ്ടായിരുന്നു. അതിൽ പോലീസ് സൂപ്രണ്ട പദവിയിലുള്ള സഞ്ജയ് ഭട്ടിനെപ്പോലുള്ളവർ പങ്കെടുക്കാൻ ഒരു സാധ്യതയും ഇല്ലാതാകുന്നു. 2006 ൽ ആദ്യമായി കലാപക്കേസിൽ പരാതിക്കാരിയായ സാക്കിയ ജാഫ്രി, ഹിന്ദുസമൂഹത്തിന് ക്ഷോഭം തീർക്കാൻ അവസരം നൽകണമെന്ന് മുഖ്യമന്ത്രി മോദി ആ യോഗത്തിൽ പറഞ്ഞതായി ആരോപിച്ചു. അങ്ങനെയൊരു പ്രസ്താവന നടത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി നിഷേധിച്ചു. മറിച്ച്, അക്രമം തടയാൻ ഏതു കടുത്ത നടപടിയും കൈക്കൊള്ളാൻ പദ്ധതി തയ്യാറാക്കുകയും സമാധാനത്തിന് അഭ്യർത്ഥിക്കുകയും അത് തകർക്കുന്നവരെ നേരിടാനും ആയിരുന്നു മുഖ്യമന്ത്രി നിർദ്ദേശം നൽകിയത്. അങ്ങനെയൊരു യോഗത്തിൽ താൻ പങ്കെടുത്തുവെന്നും മുഖ്യമന്ത്രി അങ്ങനെ ആഹ്വാനം ചെയ്തുവെന്നും സാക്കിയയുടെ ആരോപണത്തെ പിന്തുണച്ച് എട്ടുവർഷത്തിനുശേഷം സഞ്ജീവ് ഭട്ട് രംഗത്തുവന്നു. എട്ട് ഉദ്യോഗസ്ഥരേയും എസ്ഐടി പരിശോധിച്ചു. അങ്ങനെയൊരു പ്രസ്താവന നടത്തിയെന്നതും സഞ്ജീവ് ഭട്ട് യോഗത്തിൽ പങ്കെടുത്തുവെന്നതും അവരെല്ലാം നിഷേധിച്ചു. മാത്രമല്ല, സഞ്ജീവ് ഭട്ടും മറ്റു ചിലരും ചേർന്ന് അവരുടെ വാദത്തിന് തെളിവുണ്ടാക്കാൻ രേഖകൾ തിരുത്തിയെന്ന് കണ്ടെത്തുകയും ചെയ്തു. ചില എൻജിഒകളും പ്രവർത്തകരും പ്രദേശ് കോൺഗ്രസ് കമ്മറ്റിയംഗങ്ങളും വ്യാജ ഹർജി തയ്യാറാക്കാൻ എങ്ങനെയെല്ലാം ഗൂഢാലോചന നടത്തിയെന്നതും കണ്ടെത്തി. മുഖ്യമന്ത്രിക്കെതിരെ നടത്തിയ ആരോപണങ്ങളെല്ലാം അടിസ്ഥാനമില്ലാത്തതാണെന്ന് എസ്ഐടി കണ്ടെത്തി, മജിസ്ട്രേറ്റ് കോടതി അതെല്ലാം ശരിവെക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഒരു ദശാബ്ദത്തോളം മീഡിയകൾ വഴിതിരിച്ചുവിട്ട ചർച്ചകളാക്കി. ഈ നുണ പ്രചാരണങ്ങൾക്ക് ഇരയായവരുടെ കാര്യത്തിൽ മാധ്യമങ്ങൾ തീർച്ചയായും ആത്മപരിശോധന നടത്തേണ്ടതുണ്ട്. നുണ തകർന്നുവീഴുമെന്നും സത്യം ഉയർത്തി പിടിക്കപ്പെടുമെന്നും ഞാൻ എന്നും വിശ്വസിക്കുന്നു.